ARTICLE IN THE "MALABAR MAIL" DATED 14—2—1121

279. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) ഫ ഫ ഫ കന്നി ഫർ-ാംറ-യിലെ മലബാർമെയിലിൽ "ബസാർ അഞ്ചലാപ്പീസ്സ്" എന്നപേരിലുള്ള ലേഖനം ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ശ്രദ്ധക്ക വിഷയീഭവിച്ചിട്ടുണ്ടോ;

(ബി) അതിൽ പറയുന്ന വസ്തുതകൾ പരമാർത്ഥങ്ങളാണോ;

(സി) അതെ, എന്നാണു് ബി. ഉപചോദ്യത്തിനു് സമാധാനമെങ്കിൽ ആ ആപ്പീസ്സിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) ഉണ്ടു്.

(ബി) ബസാർ അഞ്ചലാപ്പീസ്സിൽ പണി ഇപ്പോൾ കുറച്ചുകൂടിയിട്ടുണ്ടെന്ന സംഗതി വാസ്തവമാണു്.

(സി) ഈ ആപ്പീസ്സിൽ പുതിയതായി ഒരു ക്ലാർക്കിനെകൂടി നിയമിക്കുവാൻ ഗവമ്മെണ്ടു് ഉത്തരവാക്കിയിട്ടുണ്ടു്.

SOLDIERS IN RECEIPT OF MILITARY MEDALS—CONCESSIONS FROM STATE

280. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മിലിറ്ററി മെഡലിനു അർഹരായ പട്ടാളക്കാർക്ക കൊച്ചി ഗവമ്മെണ്ടു് നൽകുന്ന സൌജന്യങ്ങൾ എന്തെല്ലാം;

(ബി) ബ്രിട്ടീഷിൽ ഇങ്ങനെയുള്ള പട്ടാളക്കാർക്ക കൊടുക്കുന്ന സൌജന്യങ്ങൾ എന്തെല്ലാം;

(സി) കൊച്ചിൻ സ്റ്റേറ്റിൽ എത്രപേർ മിലിറ്ററി മെഡലിനു അർഹരായിട്ടുണ്ടു്;

(ഡി) അവരുടെ ജാതി തിരിച്ചുള്ള പേരുവിവരം പറയാമോ?

റാവു സാഹിബു് എ മാധവപ്രഭു:

(എ) ക. രണ്ടര ഏക്കറിൽ കവിയാതെയുള്ള നിലമൊ അല്ലെങ്കിൽ ഖ. അഞ്ചു ഏക്കറിൽ കവിയാതെ പറമ്പൊ മേൽപറഞ്ഞ ആകെ വിസ്തീർണ്ണത്തിൽ കവിയാതെ പറമ്പും നിലവും കൂടി (ആഴമില്ലാത്ത കായലോരങ്ങളും ഈ ഇനത്തിൽ ഏപ്പെടുത്താം) അല്ലെങ്കിൽ ന. ആയിരം ഉറുപ്പികയോ സമ്മാനം കൊടുക്കാം. മേൽപറഞ്ഞതിൽ ഏതാനും ഭൂമിയായും ഏതാനും പണമായും കൊടുക്കാം. ഭൂമി നന്നാക്കുക, ചിറ കെട്ടുക, നികത്തുക, വൃക്ഷങ്ങൾ വെട്ടി നീക്കുക, കാടു വെട്ടി തെളിയിക്കുക മുതലായതിനു മൊത്തമായി ചിലവു വേണ്ടിവരുന്നതായാൽ ഏതാനും പണമായ്ട്ടും ഏതാനും ഭൂമിയായിട്ടും കൊടുക്കാം. പക്ഷെ ആകെ സമ്മാനം ഓരോന്നും വെവ്വേറെയായി കൊടുക്കുമ്പോഴത്തേക്കാളും അധികരിപ്പാൻ പാടുള്ളതല്ല. ഇങ്ങിനെയുള്ളപ്പോഴും ഭൂമി എത്രത്തോളമുണ്ടെന്നു നോക്കിയും വ്യക്തിയുടെ ആഗ്രഹം പ്രമാണിച്ചും ആയിരിക്കും ഭൂമിയുടെ വിസ്തീർണ്ണവും ധനത്തിന്റെ തുകയും തിട്ടപ്പെടുത്തുക.

(ബി) ഓരോ സംസ്ഥാനത്തും ഓരോ തരത്തിലാണു"— മുഴുവനും ഇവിടെ നിശ്ചയമില്ല.

(സി) ഇപ്പോഴത്തെ അറിവിൽ ഒരാൾ.

(ഡി) ജാതി ഈഴവൻ—പേരു പറയുന്നില്ല.

STAMP VENDORS—COMMISSION OF

281. മിസ്റ്റർ. പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ സ്റ്റേറ്റിലെ സ്റ്റാമ്പുവെണ്ടർമാർക്ക കൊടുത്തുവരുന്ന കമ്മീഷൻ എത്ര;

(ബി) അവർ ഗവമ്മെണ്ടിലേക്ക അടക്കേണ്ട ജാമ്യസംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly